## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2988** **07.12.2018-ൽ മറുപടിക്ക്**

## ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം ഇതിനോടകം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) ഇല്ല. ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 29.11.2018 തീയതി വരെ 3,28,336 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 55,430 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) കൃത്യമായ തിരിച്ചറിയൽ രേഖകളില്ലാതെ സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) സർക്കാരിന്റെയോ അംഗീകൃത ഏജൻസികളുടേയോ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിലാണ് തൊഴിലാളികളെ ആവാസ് പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്യുന്നത്. എന്നാൽ തിരിച്ചറിയൽ രേഖകൾ ഒന്നും ഇല്ലാത്ത ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇവർക്ക് തിരിച്ചറിയൽ രേഖകൾ നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ സജീവമായി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ.